പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5003 23.03.2018 ൽ മറുപടിയ്ക്ക്

## പാറശ്ശാല നിയോജക മണ്ഡലത്തിലെ റിസർവ്ഡ് വനമേഖല

| | ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | മറുപടി<br>ശ്രീ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ റിസർവ്ഡ് വനമേഖലയായി എത്ര പ്രദേശമാണ് ഉള്ളതെന്നും അത് ഏതൊക്കെ പഞ്ചായത്തിലാണെന്നും അറിയിക്കാമോ ; | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ റിസർവ്ഡ് വനമേഖലയായി 89.26 ച.കി.മീ. പ്രദേശമാണ് ഉള്ളത്. പ്രസ്തുത പ്രദേശം കള്ളിക്കാട്, അമ്പൂരി, വെള്ളറട എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ടതാണ്. |
| (ബി) | അമ്പൂരി പഞ്ചായത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിൽ എത്ര ഭൂമി ഉണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ ; | (ബി) | അമ്പൂരി പഞ്ചായത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിൽ 32 ച.കി.മീ. വനഭൂമി നിലവിലുണ്ട്. |
| (സി) | പാറശ്ശാല മണ്ഡലത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ള ഭൂമി മറ്റ് ഏതെങ്കിലും വകുപ്പുകൾക്ക് പാട്ടവ്യവസ്ഥ പ്രകാരം നൽകിയിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | പാറശ്ശാല മണ്ഡലത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ള ഭൂമി ഒരു വകുപ്പുകൾക്കും പാട്ടവ്യവസ്ഥ പ്രകാരം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ